REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-04-2026 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **തൃശ്ശൂർ പൂരം വെടിക്കെട്ടില്ലാതെ നടത്താൻ തിരുവമ്പാടി - പാറമേക്കാവ് ദേവസ്വങ്ങളുടെ തീരുമാനം. രാവിലെ കളക്ടറേറ്റിൽ ഉന്നതതല യോഗം.**
- **പശ്ചിമബംഗാളിൽ നിയമസഭാ തെരഞ്ഞെടുപ്പ് ഒന്നാം ഘട്ട പോളിംഗ് അല്പസമയത്തിനകം ആരംഭിക്കും. തമിഴ്നാട്ടിലും വോട്ടെടുപ്പ് ഇന്ന്.**
- **കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ കാരണം കാണിക്കൽ നോട്ടീസ്.**
- **ഹോർമുസ് കടലിടുക്കിൽ ഇറാൻ നാവിക ഉപരോധം ശക്തമാക്കിയതോടെ പശ്ചിമേഷ്യ വീണ്ടും യുദ്ധഭീതിയിൽ.**
- **ഇന്ന് ലോക പുസ്തക ദിനം.**
- **IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ 40 റൺസിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

തൃശ്ശൂർ പൂരം ഇത്തവണ വെടിക്കെട്ടില്ലാതെ നടത്താൻ തിരുവമ്പാടി - പാറമേക്കാവ് ദേവസ്വങ്ങൾ തീരുമാനിച്ചു. ഇന്ന് രാവിലെ കളക്ടറേറ്റിൽ ചേരുന്ന ഉന്നതതല യോഗത്തിൽ ദേവസ്വങ്ങളുടെ തീരുമാനങ്ങൾ അറിയിക്കും.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്

........വോയ്സ്.........

14 പേരുടെ ജീവൻ പൊലിഞ്ഞ വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിലാണ് ആഘോഷങ്ങൾ പരിമിതപ്പെടുത്താൻ പാറമേക്കാവ്തീ തിരുവമ്പാടി ദേവസ്വങ്ങൾ തീരുമാനമെടുത്തത്.

മുണ്ടത്തിക്കോട് നടന്ന സ്ഫോടനവുമായി ബന്ധപ്പെട്ട് ഫോറൻസിക് ഡിപ്പാർട്ട്മെന്റ് പ്രാഥമിക അന്വേഷണവും തെളിവുശേഖരണവും പൂർത്തിയാക്കി. സാഹചര്യതെളിവുകളും ശാസ്ത്രീയ വിശകലനങ്ങളും കോർത്തിണക്കിയുള്ള അന്തിമ റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾക്ക് ഫോറൻസിക് ഡിപ്പാർട്ട്മെന്റ് ഉടൻ സമർപ്പിക്കും.

ഈ മാസം 24-ാം തീയതി വരെ തിരുവമ്പാടി ദേവസ്വം ദുഃഖാചരണം നടത്തും. ഈ ദിവസങ്ങളിൽ തിരുവമ്പാടി വിഭാഗത്തിന്റെ ദീപാലങ്കാരങ്ങൾ പ്രകാശിപ്പിക്കില്ല. ആചാരപരമായ 'പറയെടുപ്പ്' ചടങ്ങുകൾ മാത്രമായിരിക്കും ഈ കാലയളവിൽ ഉണ്ടാവുക. കൂടാതെ, 24, 25 തീയതികളിൽ നിശ്ചയിച്ചിരുന്ന തിരുവമ്പാടിയുടെ ചമയ പ്രദർശനം 25-ാം തീയതിയിലേക്ക് മാത്രമായി ചുരുക്കിയിട്ടുണ്ട്.

മറ്റു പൂരച്ചടങ്ങുകൾ എല്ലാം അതേപടി നടത്താൻ തീരുമാനിച്ചു. ഇന്നലെ നടന്ന തിരുവമ്പാടി - പാറമേക്കാവ് ദേവസ്വം ഭാരവാഹി യോഗത്തിൽ ആയിരുന്നു തീരുമാനങ്ങൾ. ഇന്ന് രാവിലെ പത്തരയ്ക്ക് കളക്ടറേറ്റിൽ നടക്കുന്ന സർക്കാർ ഉന്നത തലയോഗത്തിൽ ദേവസങ്ങളുടെ തീരുമാനങ്ങൾ അറിയിക്കും. ഇത് സംബന്ധിച്ച് ഉന്നത തലയോഗം അന്തിമ തീരുമാനം കൈക്കൊള്ളും.

✪✪✪

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് നിർമ്മാണശാലയിലുണ്ടായ സ്ഫോടനത്തിൽ മരിച്ച മണികണ്ഠന്റെയും ബിജീഷിന്റെയും വീടുകൾ കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി സന്ദർശിച്ചു. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങളുടെ സങ്കടത്തിൽ പങ്കുചേരുന്നതായും കണ്ണുനീരിന് മുന്നിൽ വാക്കുകൾ അപ്രസക്തമാവുക യാണെന്നും സുരേഷ് ഗോപി പറഞ്ഞു

✪✪✪

പാലക്കാട് മുതലമട വെള്ളാരംകടവിലെ പടക്ക നിർമ്മാണശാല ഉടമയ്ക്കെതിരെ കൊല്ലങ്കോട് പോലീസ് കേസെടുത്തു. കോട്ടയം സ്വദേശി ബിനോയ് ജേക്കബ്ബിനെതിരെയാണ് കേസ്.

പാറമേക്കാവിന്റെ വെടിക്കെട്ട് നിർമ്മാണം നടക്കുന്ന ഇവിടെ അനുവദിച്ചതിൽ കൂടുതൽ വെടിമരുന്ന് ഉണ്ടെന്ന് ചിറ്റൂർ തഹസിൽദാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേസ്.

മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പടക്ക നിർമ്മാണശാലയ്ക്ക് നേരത്തെ ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. നിലവിൽ പടയ്ക്ക നിർമ്മാണ ശാല സീൽ ചെയ്തിട്ടുണ്ട്. തുടർ പരിശോധനകൾ നടത്തുമെന്നും അധികൃതർ അറിയിച്ചു.

✪✪✪

പശ്ചിമബംഗാളിൽ നിയമസഭാ തെരഞ്ഞെടുപ്പ് ഒന്നാം ഘട്ട പോളിംഗ് അല്പസമയത്തിനകം ആരംഭിക്കും. വൈകിട്ട് ആറുവരെയാണ് വോട്ടെടുപ്പ്. 16 ജില്ലകളിലെ 152 മണ്ഡലങ്ങളിലാണ് ഇന്ന് വിധിയെഴുത്ത്. 1478 സ്ഥാനാർത്ഥികളാണ് ഒന്നാം ഘട്ടത്തിൽ മത്സരിക്കുന്നത്. 44,000ത്തിലധികം പോളിംഗ് ബൂത്തുകളും സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ 2304 എണ്ണം പ്രശ്ന ബാധിത ബൂത്തുകൾ ആണ്. മൂന്നരക്കോടിയിലധികം പേർ സമ്മതിദാന അവകാശം വിനിയോഗിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയച്ചു. നീതിയുക്തമായ വോട്ടെടുപ്പിന് എല്ലാ ഒരുക്കങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 2407 കേന്ദ്ര സായുധ സേനാ കമ്പനികളേയും രണ്ട് ലക്ഷത്തി 40,000 ഉദ്യോഗസ്ഥരെയും സുരക്ഷാ-തെരഞ്ഞെടുപ്പ് ചുമതലയ്ക്കായി നിയോഗിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

പശ്ചിമബംഗാളിൽ രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29നാണ്.

✪✪✪

തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പും ഇന്നാണ്. 234 അംഗ നിയമസഭാംഗങ്ങളെ തെരഞ്ഞെടുക്കാനാണ് അല്പസമയത്തിനകം വോട്ടർമാർ പോളിംഗ് ബൂത്തിലെത്തുക.

സംസ്ഥാനത്ത് അഞ്ച് കോടി 73 ലക്ഷത്തി 43,291 വോട്ടർമാർക്കായി 75,064 പോളിംഗ് സ്റ്റേഷനുകൾ ഒരുക്കിയതായി തമിഴ്നാട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അർച്ചന പട്നായിക് അറിയിച്ചു.

ക്രമസമാധാന പാലത്തിന് 84,000 പൊലീസ് ഉദ്യോഗസ്ഥരെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമെ CRPF അടക്കം കേന്ദ്ര സായുധസേനയുടെ 300 കമ്പനികളെയും സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. മാതൃകാ പെരുമാറ്റച്ചട്ട ലംഘനങ്ങൾ പരിശോധിക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതിനും ഫ്ലൈയിംഗ് സ്ക്വാഡുകൾ, നിരീക്ഷണ സംഘങ്ങൾ, സ്റ്റാറ്റിക് മോണിറ്ററിംഗ് യൂണിറ്റുകൾ എന്നിവയെയും സജ്ജമാക്കിയിട്ടുണ്ട്.

കേരളം, തമിഴ്നാട്, പുതുച്ചേരി, അസം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം മെയ് നാലിനാണ് പ്രഖ്യാപിക്കുക.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കെതിരെ അധിക്ഷേപകരമായ പരാമർശം നടത്തി മാതൃകാ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിച്ചെന്ന് കാണിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയ്ക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് അയച്ചു. ചെന്നൈയിൽ നടത്തിയ വാർത്താസമ്മേളനത്തിനിടെയാണ് ഖാർഗെ പ്രധാനമന്ത്രിക്കെതി രെ പരാമർശം നടത്തിയത്.

24 മണിക്കുറിനുള്ളിൽ നിലപാട് വിശദീകരിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഖാർഗെയോട് ആവശ്യപ്പെട്ടു. മുതിർന്ന bjp നേതാവും കേന്ദ്രമന്ത്രിയും കിരൺ റിജിജുവും പാർട്ടി ഭാരവാഹികളും പരാതി നൽകിയതിനെ തുടർന്നാണ് കമ്മീഷന്റെ നോട്ടീസ്. മല്ലികാർജ്ജുൻ ഖാർഗെ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിച്ചെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതായി കമ്മീഷൻ പറഞ്ഞു.

✪✪✪

ഹോർമുസ് കടലിടുക്കിൽ ഇറാൻ നാവിക ഉപരോധം ശക്തമാക്കിയതോടെ പശ്ചിമേഷ്യ വീണ്ടും യുദ്ധഭീതിയിലായി. സമുദ്ര സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചെന്ന് ആരോപിച്ച് രണ്ട് കണ്ടെയ്നർ കപ്പലുകൾ ഇറാന്റെ ഇസ്‌ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് പിടിച്ചെടുത്തു.

ഒമാൻ തീരത്തിന് സമീപം മറ്റൊരു കപ്പലിന് നേരെ വെടിവയ്പുണ്ടായതായും റിപ്പോർട്ടുണ്ട്. കപ്പലിന്റെ മുൻഭാഗത്തിന് കാര്യമായ കേടുപാടുകൾ സംഭവിച്ചെങ്കിലും ആർക്കും പരിക്കേറ്റതായി സ്ഥിരീകരിച്ചിട്ടില്ല.

ഡെസ്ക് വോയ്സ്...

........വോയ്സ്........

ഇറാനുമായി രണ്ടാഴ്ചത്തെ വെടിനിർത്തൽ കാലാവധി അവസാനിച്ചെങ്കിലും സമുദ്രമേഖലയിലെ നിലവിലെ സൈനിക വിന്യാസം തുടരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. സമഗ്രമായ കരാറിൽ എത്തുന്നതുവരെ സമ്മർദ്ദം തുടരുമെന്നും ടെഹ്റാനുമായി അടുത്ത 72 മണിക്കൂറിനുള്ളിൽ ചർച്ചകൾക്ക് സാധ്യതയുണ്ടെന്നും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. ഉപരോധങ്ങളും ഭീഷണികളും ചർച്ചകൾക്ക് തടസ്സമാണെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ പ്രതികരിച്ചു. വാഗ്ദാനങ്ങൾ ലംഘിക്കുന്നത് ചർച്ചകളെ ബാധിക്കുമെന്നും എന്നാൽ സമാധാനപരമായ ചർച്ചകളെ ഇറാൻ എന്നും സ്വാഗതം ചെയ്യുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

അതിനിടെ, തെക്കൻ ലബനനിൽ ഇസ്രായേൽ സൈനിക നടപടികൾ തുടരുകയാണ്. ഇതിനിടെ ഹിസ്ബുള്ള ഡ്രോൺ ആക്രമണങ്ങളിലൂടെ തിരിച്ചടിയും നൽകുന്നുണ്ട്. ലബനനിൽ ഇതുവരെ 50,000-ത്തിലധികം വീടുകൾ

തകരുകയോ ഭാഗികമായി നശിക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്.

സംഘർഷങ്ങൾക്കിടയിലും നയതന്ത്ര ചർച്ചകൾക്ക് പുതിയ വഴി തെളിയുന്നുണ്ട്. ലബനൻ-ഇസ്രായേൽ പ്രതിനിധികൾ അമേരിക്കയുടെ നേതൃത്വത്തിൽ രണ്ടാം ഘട്ട ചർച്ചകൾക്കായി വാഷിംഗ്ടണിൽ എത്തും. നിലവിലെ വെടിനിർത്തൽ ഒരു മാസത്തേക്ക് കൂടി നീട്ടണമെന്ന് ലബനൻ ആവശ്യപ്പെട്ടേക്കും.

✪✪✪

തെക്കൻ ലെബനനിൽ ഇസ്രായേൽ വ്യോമാക്രമണത്തിൽ ലെബനോൺ പത്രപ്രവർത്തകൻ കൊല്ലപ്പെട്ടു. അൽ അക്ബർ എന്ന ദിനപത്രത്തിന്റെ റിപ്പോർട്ടർ അമൽ ഖലീൽ ആണ് മരിച്ചത്. ആക്രമണത്തിന് മണിക്കൂറിന് ശേഷം അവശിഷ്ടങ്ങൾക്കിടയിൽ നിന്നാണ് മൃതദേഹം പുറത്തെടുത്തത്. ഖലീലിന്റെ മരണം ദിനപത്രവും വാർത്താ വിതരണ മന്ത്രി പോൾ മോർക്കോസും സ്ഥിരീകരിച്ചു. 2023 ഒക്ടോബറിലാരംഭിച്ച ഇസ്രായേൽ-ഹിസ്ബുള്ള യുദ്ധം അമൽഖലീൽ റിപ്പോർട്ട് ചെയ്ത് വരികയായിരുന്നു.

✪✪✪

ഇന്ന് ലോക പുസ്തക ദിനം. വായനയുടെയും പ്രസിദ്ധീകരണത്തിന്റെയും പകർപ്പവകാശത്തിന്റെയും പ്രാധാന്യം ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനാണ് യുനെസ്കോ എല്ലാ വർഷവും ഏപ്രിൽ 23ന് ലോക പുസ്തക ദിനം ആചരിക്കുന്നത്. ഡിജിറ്റൽ യുഗത്തിലും പുസ്തകങ്ങളുമായി ബന്ധം നിലനിർത്താൻ പുതുതലമുറയെ പ്രേരിപ്പിക്കുക, എഴുത്തുകാരുടെയും പ്രസാധകരുടെയും അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നിവയാണ് ലോക പുസ്തക പകർപ്പവകാശ ദിനത്തിന്റെ ലക്ഷ്യം.

സാഹിത്യലോകത്തെ ഇതിഹാസങ്ങളായ വില്യം ഷേക്സ്പിയറിന്റെയും സെർവാന്റസിന്റെയും ചരമദിനമാണ് ലോക പുസ്തക ദിനമായി ആചരിക്കുന്നത്.

✪✪✪

മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റില്ലാത്ത വാഹനങ്ങൾക്ക് ഇന്ധന സ്റ്റേഷനുകളിൽ നിന്ന് പെട്രോൾ, ഡീസൽ, CNG, LPG തുടങ്ങിയവ ലഭിക്കില്ലെന്ന് ഡൽഹി ഭരണകൂടം അറിയിച്ചു. ദേശീയ തലസ്ഥാനത്ത് വായു മലിനീകരണം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായാണ് തീരുമാനം. പുതിയ നിർദേശം അനുസരിച്ച് സാധുവായ സർട്ടിഫിക്കറ്റുകൾ നൽകുന്നവർക്ക് മാത്രമെ ഇന്ധനങ്ങൾ വിതരണം ചെയ്യൂ. എല്ലാ പെട്രോൾ പമ്പുകൾക്കും ഗ്യാസ്

ഔട്‌ലറ്റുകൾക്കും ഉത്തരവ് അക്ഷരം പ്രതി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ചയോ അശ്രദ്ധയോ ഉണ്ടായാൽ കർശന നടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി രേഖാ ഗുപ്ത അറിയിച്ചു. ഡൽഹിയിലെ ആരോഗ്യകകരമായ അന്തരീക്ഷം ഉറപ്പാക്കാനും വായു ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് രേഖാ ഗുപ്ത പറഞ്ഞു.

✪✪✪

മംഗലാപുരത്ത് നിന്നും ലക്ഷദ്വീപിലെ ആന്ത്രോത്ത് ദ്വീപിലേക്ക് ചരക്കുകളുമായി പുറപ്പെട്ട എം.എസ്.വി ജീലാനി എന്ന ഉരു അപകടത്തിൽ പെട്ട് കടലിൽ മുങ്ങി. ആന്ത്രോത്ത് ദ്വീപ് സ്വദേശിയുടെതാണ് ഉരു. ഇന്നലെ വൈകിട്ട് മൂന്നോടെയാണ് മംഗലാപുരം തുറമുഖത്ത് നിന്നും ദ്വിപിലേക്ക് ഉരു യാത്ര തിരിച്ചത്. തീരത്ത് നിന്നും പത്ത് നോട്ടിക്കൽ മൈൽ അകലെയാണ് അപകടം.

നിർമ്മാണ സാമഗ്രികളും ഭക്ഷ്യ വസ്തുക്കളുമായിരുന്നു ഉരുവിലുണ്ടായിരുന്നത്. ഉരു മുങ്ങിയെങ്കിലും എല്ലാ ജീവനക്കാരെയും രക്ഷപ്പെടുത്താൻ സാധിച്ചതായി തുറമുഖ അധികൃതർ അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ 40 റൺസിന് പരാജയപ്പെടുത്തി. ലഖ്നൗവിൽ രാജസ്ഥാൻ ഉയർത്തിയ 160 റൺസ് വിജയലക്ഷ്യം സൂപ്പർ ജയന്റ്സിന് മറികടക്കാനായില്ല. 18 ഓവറിൽ 119 റൺസ് മാത്രമാണ് സൂപ്പർ ജയന്റ്സിന് നേടാനായത്.

ഏഴ് മത്സരങ്ങളിൽ നിന്ന് 10 പോയിന്റ് നേടിയ രാജസ്ഥാൻ റോയൽസ് പട്ടികയിൽ രണ്ടാം സ്ഥാനത്തെത്തി. ലഖ്നോ സൂപ്പർ ജയന്റ്സ് ഒമ്പതാം സ്ഥാനത്താണ്. രവീന്ദ്ര ജഡേജയാണ് കളിയിലെ താരം.

ഇന്ന് മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

ജോഹന്നാസ്ബർഗിൽ വനിതാ ട്വന്റി-20 അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയെ ദക്ഷിണാഫ്രിക്ക ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ത്യ ഉയർത്തിയ 193 റൺസ് വിജയലക്ഷ്യം 16.3 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ദക്ഷിണാഫ്രിക്ക മറികടന്നു. അഞ്ചു മത്സര പരമ്പരയിൽ ഇന്ത്യ മൂന്നിലും പരാജയപ്പെട്ടു.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ഒഡിഷ FCയെ നേരിടും. കൊച്ചിയിലാണ് മത്സരം. കഴിഞ്ഞ മത്സരത്തിൽ ജംഷഡ്പൂർ FCയെ തോൽപിച്ച ആത്മവിശ്വാസത്തോടെയാണ് സ്വന്തം തട്ടകത്തിൽ കേരളം ഇന്ന് കളിക്കാനിറങ്ങുന്നത്.

✪✪✪

കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം ഉറപ്പുവരുത്തണമെന്ന് കാസർഗോഡ്ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നിർദ്ദേശം നൽകി. കളക്ടറുടെ ചേമ്പറിൽ ചേർന്ന അവലോകനയോഗത്തിലാണ് കളക്ടർ നിർദേശങ്ങൾ നൽകിയത്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കറിൽ വെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി.

✪✪✪

പാലക്കാട് ജില്ലയിൽ ഈ വർഷത്തെ ഏറ്റവും കൂടിയ ചൂട് ഇന്നലെ മലമ്പുഴയിൽ രേഖപ്പെടുത്തി. 41.1 ഡിഗ്രി സെൽഷ്യസ് ആണ് ഇന്നലെ രേഖപ്പെടുത്തിയത്. മുണ്ടൂരിൽ 40.2 ഡിഗ്രിയും ആലത്തൂരിൽ 40.1 ഡിഗ്രി സെൽഷ്യസും താപനില രേഖപ്പെടുത്തി. ചൂട് ഉയരുന്ന സാഹചര്യത്തിൽ വേനൽക്കാല പ്രതിരോധ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചർച്ച ചെയ്തു.

✪✪✪

താപനില കൂടിവരുന്ന സാഹചര്യത്തിൽ മാഹി മേഖലയിലെ എല്ലാ സ്കൂളുകളും ഇന്നു മുതൽ ഈ മാസം 31 വരെ അടച്ചിടും. അവധിക്കാലത്ത് പ്രത്യേക ക്ലാസുകളും മറ്റ് അക്കാദമിക പ്രവർത്തനങ്ങളും നടത്തരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഒൻപത്, 11 ക്ലാസുകളിലെ പരീക്ഷകൾ നിലവിലെ ടൈംടേബിൾ പ്രകാരം നടത്തും.

✪✪✪

കടുത്ത വേനലിനെത്തുടർന്ന് ചാലിയാറിലെ ഏതാനും ആദിവാസി കുടുംബങ്ങൾ താമസം പുഴയോരത്തേക്കു മാറ്റി. ചാലിയാർ പഞ്ചായത്തിലെ ആഢ്യൻപാറ മേഖലയിലെ പ്ലാക്കൽചോല ആദിവാസി നഗറിലെ 24 കുടുംബങ്ങളാണ് നഗറിൽനിന്ന് രണ്ടു കിലോമീറ്ററിലേറെ ദൂരെ

കാഞ്ഞിരപ്പുഴയുടെ തീരത്തേക്ക് താമസം മാറ്റിയത്. കുടിവെള്ളക്ഷാമം വർധിച്ചതിനെ തുടർന്ന് മൂന്നു ദിവസം മുൻപാണ് 24 കുടുംബങ്ങളിലെ 84 പേർ കാഞ്ഞിരപ്പുഴയുടെ മായംപള്ളി കടവിലേക്ക് താമസം മാറ്റിയത്.

✪✪✪

കോഴിക്കോട് മാവൂരിൽ ഒരാൾക്ക് സൂര്യതാപമേറ്റു. കണിയാത്ത് മേലെ പുരക്കൽ ബൈജുവിനാണ് സൂര്യതാപം ഏറ്റത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader:  സയ്യിദ് അലി ശിഹാബ്*
*News Team: ഫസ്ന ഫാത്തിമ, സാലിം*
*DEO : സി കെ സുബോധ്*